വാർഷിക മൂല്യനിർണ്ണയം - 2018

സാമൂഹ്യശാസ്ത്രം

സ്റ്റാന്റേർഡ് : 9 ഉത്തരസൂചിക മാർക്ക് 80

| | | |
|---|---|---|
| 1 | സുലൈമാൻ | 1 |
| 2 | അറേബ്യൻ ഫലകം | 1 |
| 3 | ബൊളോണ | 1 |
| 4 | സെന്റ്രൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ് ( CSO ) | 1 |
| 5 | ➢ ചരിത്രസ്മാരകങ്ങൾ സംരക്ഷിക്കുക<br>➢ പരിസ്ഥിതി സംരക്ഷിക്കുക<br>➢ രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും സംരക്ഷിക്കുക<br>➢ ദേശീയഗാനം ആലപിക്കുമ്പോൾ എഴുന്നേറ്റ് നിൽക്കുക. | 2x1=2 |
| 6 | അമാവാസി ( കറുത്തവാവ് ) , പൗർണ്ണമി ( വെളുത്തവാവ് ) ദിവസങ്ങളിൽ സൂര്യനും ചന്ദ്രനും ഭൂമിയും നേർ രേഖയിൽ വരുമ്പോൾ<br><u>പ്രത്യേകത</u><br>➢ ശക്തമായ വേലിയേറ്റം | 2x1=2 |
| 7 | ➢ മെച്ചപ്പെട്ട വിദ്യാഭ്യാസ സൗകര്യങ്ങൾ<br>➢ മികച്ച ആരോഗ്യ സംരക്ഷണസംവിധാനം<br>➢ കൂടുതൽ പരിശീലനം | 2x1=2 |
| 8 | • രാജാധികാരം ദൈവദത്തമായിരുന്നു.<br>• തുർക്കി , മംഗോൾ സമ്പ്രദായങ്ങളുടെ സ്വാധീനം<br>• എല്ലാ അധികാരവും രാജാവിൽ കേന്ദ്രീകൃതം<br>• സൈനീക ശക്തിയിൽ അധിഷ്ഠിതം | 2x1=2 |
| 9 | a]നെടിയിരിപ്പ് സ്വരൂപം<br>b]കൊച്ചി | 2x1=2 |
| 10 | **<u>കനത്ത മൂടൽ മഞ്ഞ്</u>**<br>മൂടൽമഞ്ഞിലൂടെയുള്ള ദൂരകാഴ്ച തീരെ കുറവാണെങ്കിൽ ( ഒരു കിലോമീറ്റർ ദൂരത്തിലും കുറവ് )അതിനെ കനത്ത മൂടൽമഞ്ഞ് എന്ന് | |

പറയുന്നു.

**നേർത്ത മൂടൽമഞ്ഞ്** 2x1=2

മൂടൽമഞ്ഞിലൂടെയുള്ള ദൂരകാഴ്ച ഒരു കിലോമീറ്ററിൽ അധികമാണെങ്കിൽ അതിനെ നേർത്ത മൂടൽമഞ്ഞ് എന്ന് പറയുന്നു.

11 മുതലാളിത്ത സമ്പദ് വ്യവസ്ഥ
മിശ്ര സമ്പദ് വ്യവസ്ഥ 2x1=2

12
- കേന്ദ്രീകൃത രാജഭരണം
- ശക്തമായ സൈന്യം
- രാജ്യരക്ഷയ്ക്കായി വിശാലമായ കോട്ടകൾ നിർമ്മിച്ചു.
- കേന്ദ്രഭരണം നായങ്കര സമ്പ്രദായമെന്നും പ്രാദേശികഭരണം അയ്യഗാർ സമ്പ്രദായമെന്നും അറിയപ്പെട്ടു. 3x1=3

13

| | |
|---|---|
| ചുഴലിക്കാറ്റ് | ഇടിമിന്നൽ |
| ഉരുൾപ്പൊട്ടൽ | ഭൂകമ്പം |
| വെള്ളപ്പൊക്കം | സുനാമി |
| ആലിപ്പഴ വർഷം | ഹിമപാതം |
| വരൾച്ച | ഹിമാഘാതം |

3x1=3

14
- പുഴയോട് ചേർന്ന പ്രദേശത്ത് വീടുവയ്ക്കാതിരിക്കുക
- വയലുകൾ മണ്ണിട്ട് നികത്താതിരിക്കുക
- നദീതീരങ്ങളിൽ ബണ്ടുകൾ നിർമ്മിക്കുക 3x1=3

15
- കുറ്റകൃത്യങ്ങൾ വർധിക്കുന്നു.
- ശാരീരികവും മാനസികവുമായ പ്രശ്നങ്ങൾ ഉണ്ടാകുന്നു.
- കുടുംബപ്രശ്നം, സാമ്പത്തിക പ്രതിസന്ധി
- ആത്മഹത്യ , അപകടമരണം 3x1=3

16
- കുന്നിൻ ചരിവുകളെ തട്ടുകളാക്കി ചരിവിന്റെ അളവ് കുറയ്ക്കുക
- മലമ്പ്രദേശങ്ങളിലെ സ്വാഭാവിക നീർച്ചാലുകൾക്ക് തടസ്സമുണ്ടാകാതിരിക്കുക
- ചരിവ് കൂടുതലുള്ള ഇടങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ ഒഴിവാക്കുക. 3x1=3

| | | |
|---|---|---|
| 17 | ➢ പ്രധാന നഗരങ്ങളെ ബന്ധിപ്പിച്ചു കൊണ്ട് റോഡുകൾ നിർമ്മിച്ചു.<br>➢ കച്ചവടക്കാർക്ക് വായ്പകൾ നൽകി.<br>➢ സരായികൾ പണിതു.<br>➢ ഏകീകൃത നികുതി സമ്പ്രദായം നടപ്പാക്കി.<br>➢ തപാൽ സമ്പ്രദായം കാര്യക്ഷമമാക്കി | 3x1=3 |
| 18 | ➢ ജാതിവ്യവസ്ഥയെ എതിർത്തു.<br>➢ സ്ത്രീ പുരുഷ സമത്വത്തിന് പ്രാധാന്യം നൽകി<br>➢ വിധവാ വിവാഹം, മിശ്രഭോജനം എന്നിവ പ്രോത്സാഹിപ്പിച്ചു.<br>➢ പുനർജന്മ സിദ്ധാന്തങ്ങളെ ചോദ്യം ചെയ്തു | 3x1=3 |
| 19 | ✯ പൊതുമേഖലയും സ്വകാര്യമേഖലയും നിലനിൽക്കുന്നു.<br>✯ ആസൂത്രണത്തിലധിഷ്ഠിതമായി നിലനിൽക്കുന്നു.<br>✯ ക്ഷേമപ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകുന്നു.<br>✯ സ്വകാര്യസ്വത്തവകാശത്തിനുള്ള സ്വാതന്ത്ര്യവും സാമ്പത്തിക നിയന്ത്രണവും ഒരു പോലെ നിലനിൽക്കുന്നു. | 3x1=3 |
| 20 | ➢ നദിയുടെ ഉത്ഭവപ്രദേശം<br>➢ ശക്തമായ അപരദനം<br>➢ അവസാദങ്ങൾ കുറവ്<br>➢ നിക്ഷേപണ പ്രവർത്തനങ്ങൾ ഇല്ല<br>➢ താഴ്‌വരകൾ വെള്ളച്ചാട്ടം തുടങ്ങിയ ഭൂരൂപങ്ങൾ കാണപ്പെടുന്നു. | 4x1=4 |
| 21 | ▪ കൽഹണൻ - രാജതരംഗിണി<br>▪ സൂർദാസ് - സൂർ സാഗർ<br>▪ തുളസിദാസ് - രാമചരിത മാനസം<br>▪ അമോഘവർഷൻ - കവിരാജമാർഗ്ഗം | 4x1=4 |
| 22 | ➢ കൃഷിയും കാർഷികോപകരണങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ടവർ<br>➢ കരകൗശല ലോഹനിർമ്മാണവുമായി ബന്ധപ്പെട്ടവർ<br>➢ കച്ചവടവുമായി ബന്ധപ്പെട്ടവർ | 4x1=4 |

- തുണിനെയ്ത്ത്, എണ്ണയാട്ടൽ എന്നിവയുമായി ബന്ധപ്പെട്ടവർ
- ക്ഷേത്രാചാരവുമായി ബന്ധപ്പെട്ടവർ
- നാട്ടുവാഴിസ്വരൂപവുമായി ബന്ധപ്പെട്ട നിരവധി ഉദ്യോഗസ്ഥർ

23

- മനുഷ്യ വിഭവ കൈമാറ്റം സാധ്യമാക്കുന്നു
- വിഭവചൂഷണം ഉണ്ടാകുന്നു
- കൂടുതൽ തൊഴിൽ അവസരങ്ങൾ
- ചേരികളുടെ രൂപീകരണം
- പകർച്ച വ്യാധികൾ വ്യാപിക്കുന്നു.
- പരിസ്ഥിതി മലിനീകരണത്തിന്റെ തീവ്രത കൂടുന്നു.

4x1=4

24

**<u>കേവലഭൂരിപക്ഷ വ്യവസ്ഥ</u>**

രാജ്യത്തെ വിവിധ നിയോജകമണ്ഡലങ്ങളായി തിരിക്കുന്നു.
എത്ര സ്ഥാനാർത്ഥികൾക്ക് വേണമെങ്കിലും മത്സരിക്കാം
കൂടുതൽ വോട്ട് ലഭിക്കുന്ന ആൾ തെരഞ്ഞെടുക്കപ്പെടുന്നു.
ഒരു മണ്ഡലത്തിൽ നിന്നും ഒരു പ്രതിനിധിയെ തെരഞ്ഞെടുക്കുന്നു.

2x2=4

**<u>ആനുപാതിക പ്രാതിനിധ്യവ്യവസ്ഥ</u>**

അംഗബലത്തിന് ആനുപാതികമായി പ്രതിനിധികളെ
വിജയിപ്പിക്കാം
ഒന്നിലധികം പ്രതിനിധികളെ തിരഞ്ഞെടുക്കാം.
പരോക്ഷ തിരഞ്ഞെടുപ്പ്
ഉദാ: രാഷ്ട്രപതി , ഉപരാഷ്ട്രപതി , രാജ്യസഭതിരഞ്ഞെടുപ്പ്

25

- വ്യവസായങ്ങൾ തുടങ്ങാനുള്ള നിയന്ത്രണങ്ങൾ ലഘൂകരിച്ചു.
- ഇറക്കുമതിച്ചുങ്കവും നികുതികളും കുറച്ചു.
- വിദേശവിനിമയ ചട്ടങ്ങളിൽ മാറ്റം വരുത്തി
- കമ്പോളനിയന്ത്രണങ്ങൾ പിൻ വലിച്ചു.
- കൂടുതൽ മേഖലകളിൽ വിദേശനിക്ഷേപം അനുവദിച്ചു.
- അടിസ്ഥാന സൗകര്യവികസനം അടിസ്ഥാന വ്യവസായങ്ങൾ എന്നിവയിലെ സർക്കാർ പങ്കാളിത്തം കുറച്ചു.

4x1=4

26

- അണു കുടുംബങ്ങളുടെ വർദ്ധനവ്
- മെച്ചപ്പെട്ട സൗകര്യങ്ങൾ തേടി നഗരങ്ങളിലേക്കുള്ള താമസം മാറ്റം കാരണം മുമ്പ് ലഭിച്ചിരുന്ന പരിചരണമോ പരിഗനനയോ ലഭിക്കാത്തത്.

4x1=4

➢ സ്നേഹമില്ലായ്മ , അംഗീകാരമില്ലായ്മ , ഒറ്റപ്പെടൽ , ആരോഗ്യപ്രശ്നങ്ങൾ , മാനസിക പിരിമുറക്കം എന്നിവ

➢ ഇവയുടെ ഫലമായി ഉണ്ടാകുന്ന ആന്തരിക സംഘർഷങ്ങൾ

27

➢ ഇറക്കുമതി തീരുവ ഘട്ടം ഘട്ടമായി കുറക്കുക

➢ സബ് സിഡികൾ കുറക്കുക

➢ പേറ്റന്റ് നിയമങ്ങൾ പരിഷ്കരിക്കുക

➢ സേവന രംഗങ്ങളായ മാധ്യമങ്ങൾ, ടെലികോം , ബാങ്കിങ്ങ് , ഇൻഷുറൻസ് , എന്നിവയിൽ വിദേശനിക്ഷേപം അനുവദിക്കുക.

➢ ആഭ്യന്തര നിക്ഷേപങ്ങൾക്കു നൽകുന്ന പരിഗണന വിദേശനിക്ഷേപങ്ങൾക്കും നൽകുക.

4x1=4

28

☆ കുടുംബബന്ധങ്ങളിലെ ശിഥിലീകരണം

☆ ലഹരിയുടെ ഉപയോഗം

☆ ദൃശ്യമാധ്യമങ്ങളുടെ ദുരുപയോഗം

☆ സാമൂഹ്യമൂല്യങ്ങളുടെ തകർച്ച

☆ ചീത്തക്കൂട്ടുകെട്ട്

☆ സാമ്പത്തിക അസമത്വം

4x1=4

29

➢ വീഴാൻ സാധ്യതയുള്ള കെട്ടിടങ്ങൾ , പരസ്യപലകകൾ എന്നിവയുടെ സമീപത്തുനിന്നും മാറി നിൽക്കുക

➢ തുടർചലന സാധ്യതയുള്ളതിനാൽ ഔദ്യോഗിക അറിയിപ്പ് ലഭിക്കുന്നതുവരെ വീടുകളിലേക്ക് മടങ്ങരുത്.

➢ തുറസ്സായ സ്ഥലങ്ങളിലേക്ക് മാറുക

➢ ലിഫ്റ്റ് ഉപയോഗിക്കാതിരിക്കുക

➢ വീടിനുള്ളിലെ മൂലകൾ സുരക്ഷിതമായ ഭാഗമാണ്.

➢ ജനലരികിൽ നിന്ന് മാറുക.

4x1=4

30

a]ഉഷ്ണജലപ്രവാഹം

b]പസഫിക് സമുദ്രം

c]ഉഷ്ണജലപ്രവാഹം

d]അറ്റ്ലാന്റിക് സമുദ്രം

4x1=4

☆ മലയാളത്തിലെ ആദ്യകാല കൃതി രാമചരിതം പന്ത്രണ്ടാം

| | | |
|---|---|---|
| 31 | നൂറ്റാണ്ടിൽ രചിക്കപ്പെട്ടു.<br>☆ പതിനാലാം നൂറ്റാണ്ടോടെ മണിപ്രവാളസാഹിത്യകൃതികൾ രചിക്കപ്പെട്ടു.<br>☆ പതിനഞ്ചാം നൂറ്റാണ്ടിൽ കണ്ണശ്ശൻ എഴുതിയ രാമായണം ,ഭാഗവതം , ശിവരാത്രി മഹാത്മ്യം<br>☆ ചെറുശ്ശേരിയുടെ കൃഷ്ണഗാഥ<br>☆ പതിനേഴാം നൂറ്റാണ്ടിൽ പൂന്താനം നമ്പൂതിരി രചിച്ച ജ്ഞാനപ്പാന, ശ്രീകൃഷ്ണ കർണ്ണാമൃതം ,<br>☆ എഴുത്തച്ഛന്റെ അധ്യാത്മ രാമായണം കിളിപ്പാട്ട് , മഹാഭാരതം കിളിപ്പാട്ട് ,<br>☆ കുഞ്ചൻ നമ്പ്യാരുടെ തുള്ളൽ പാട്ട് | 6x1=6 |

32

| പ്രാദേശിക കച്ചവടം | ദൂരദേശകച്ചവടം | വിദേശകച്ചവടം |
|---|---|---|
| • ചന്തകളും അങ്ങാടികളും കച്ചവടകേന്ദ്രങ്ങൾ<br>• നെല്ല് ,അരി പയർ വർഗ്ഗങ്ങൾ പച്ചക്കറികൾ വെറ്റില ഉപ്പ് മീൻ തുടങ്ങിയവ കൈമാറ്റം ചെയ്തു. | • തമിഴ് ബ്രാഹ്മണർ , ചെട്ടിമാർ പ്രധാന കച്ചവടക്കാർ.<br>• അരി , മുളക്, പട്ട് എന്നിവ നമ്മുടെ നാട്ടിലേക്ക് കൊണ്ടുവന്നു.<br>• കുരുമുളകും മറ്റ് സുഗന്ധവ്യഞ്ജനങ്ങളും ഇവിടെ നിന്ന് കൊണ്ടുപോയി | • അറബികൾ ചൈനാക്കാർ , യൂറോപ്യർ എന്നിവർ പ്രധാന കച്ചവടക്കാർ<br>• കുരുമുളക് , ഇഞ്ചി , കറുവപ്പട്ട , മറ്റ് സുഗന്ധവ്യഞ്ജനങ്ങൾ എന്നിവ കൊണ്ടുപോയി<br>• സ്വർണ്ണം , ചെമ്പ് , ഈയം , ചീനചട്ടികൾ , തുടങ്ങിയവ കേരളത്തിലേക്ക് കൊണ്ടുവന്നു. |

3x2=6

***അനുകൂല വാദങ്ങൾ***

33
- വൈവിധ്യമാർന്ന ഉതപന്നങ്ങൾ വിപണിയിൽ ലഭ്യമാക്കുന്നു
- മികച്ച സാങ്കേതിക വിദ്യ ഉപയോഗിക്കാൻ കഴിയുന്നു.
- മത്സരം വില കുറയാൻ കാരണമാകുന്നു
- കയറ്റുമതി വർദ്ധിക്കുന്നു
- ദേശീയവരുമാനം വർദ്ധിക്കുന്നു 3x1=3
- കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നു
- കമ്പനികൾക്ക് വിദേശ വിപണികളിൽ പ്രവേശിക്കാൻ കഴിയുന്നു

***പ്രതികൂല വാദങ്ങൾ***

- സാമ്പത്തിക അസമത്വം വർദ്ധിക്കുന്നു
- പ്രകൃതിവിഭവങ്ങൾ അമിതമായി ചൂഷണം ചെയ്യുന്നു
- ഇറക്കുമതി പ്രാദേശിക ഉല്പന്നങ്ങളുടെ വിലതകർച്ചക്ക് കാരണമാകുന്നു
- സമ്പദ്ഘടനയെ നിയന്ത്രിക്കാനുള്ള സർക്കാരിന്റെ കഴിവ് കുറയുന്നു 3x1=3
- തൊഴിൽ സുരക്ഷിതത്വം കുറയുന്നു
- പൊതുമേഖലാസ്ഥാപനങ്ങൾ സ്വകാര്യവത്കരിക്കുന്നത് സർക്കാർ വരുമാനം കുറക്കുന്നു.